# തെക്കൻ സുഡാൻ, ദാർഫൂർ പിടിമുറുക്കുന്ന സാമ്രാജ്യത്വം

ശഅ്ബാൻ അബ്ദുർറഹ്മാൻ

**1997-ലായിരുന്നു** തൊട്ടുമുമ്പത്തെ എന്റെ സുഡാൻ സന്ദർശനം. 2007-ൽ ഖാർത്തൂമിന് മുകളിൽ വിമാനത്തിൽ വട്ടമിടുമ്പോൾ ഒറ്റനോട്ടത്തിൽ കാര്യമായ മാറ്റമൊന്നും തോന്നിയില്ല. എയർപോർട്ട് കെട്ടിടങ്ങളും ചുറ്റുമുള്ള പ്രദേശങ്ങളും അതേപോലെത്തന്നെ. ഒന്നും മാറിയിട്ടില്ല. മതിലുകൾ പോലും അതേപടി നിൽക്കുന്നു. പക്ഷേ, ഖാർത്തൂമിലെ വിശാലമായ രാജപാതകളിലേക്കിറങ്ങിയപ്പോൾ ഗതാഗതത്തിൽ വന്ന മാറ്റം ശ്രദ്ധിച്ചു. കുണ്ടും കുഴിയും നിറഞ്ഞ ഇടുങ്ങിയ റോഡുകൾ അപ്രത്യക്ഷമായിരിക്കുന്നു. ഗതാഗതക്കുരുക്കുകൾ ഇല്ല. മിനുസപ്പെടുത്തിയ റോഡുകൾ. ടർക്കിഷ് നിർമാണ കമ്പനികൾ ഉണ്ടാക്കിയ വലിയ പാലങ്ങൾ. ഖാർത്തൂമിന്റെ ഹൃദയഭാഗത്തെയും സമുദ്രതീരത്തുള്ള ഖാർത്തൂം നഗരത്തെയും (ഇവയെ വേർപിരിച്ചുകൊണ്ടാണ് നീല നൈൽ ഒഴുകുന്നത്) ബന്ധിപ്പിക്കുന്ന പാലങ്ങളാണിത്. മുമ്പ് ഒരു വശത്തേക്ക് മാത്രം പോകാൻ പറ്റുന്ന ഒറ്റ ഇരുമ്പു പാലം മാത്രമാണുണ്ടായിരുന്നത്. ഇപ്പോൾ രണ്ട് കൂറ്റൻ പാലങ്ങൾ ഉയർന്നുവന്നിരിക്കുന്നു. ഒന്ന് തുറന്നുകൊടുത്തു; മറ്റേത് ഉടൻ കമീഷൻ ചെയ്യാനിരിക്കുന്നു.

നിർമാണ മേഖലയിലാണ് വലിയ ചലനങ്ങൾ ദൃശ്യമാവുന്നത്. നൈൽ നദിയുടെ ഇരു ശാഖകളുടെ തീരത്തും നദിയിലേക്ക് എത്തിനോക്കുന്ന കൂറ്റൻ കെട്ടിടങ്ങളും ഹോട്ടലുകളും. വലിയ പ്രോജക്ടുകൾ വരുന്നത് സ്വപ്നസദൃശമായ മഖ്രിൻ മേഖലയിലാണ്. അവിടെ വെച്ചാണ് നീല നൈലും വെള്ള നൈലും ഒന്നായിച്ചേർന്ന് ഒറ്റ നൈലായി ഒഴുകുന്നത്.

നിർമാണമേഖലയിലും ഗതാഗതത്തിലും മാത്രമല്ല വാർത്താവിനിമയത്തിലും വൻപുരോഗതിയാണ്. ഇപ്പോൾ മൊബൈൽ ഫോണുകൾ സുഡാനെ എളുപ്പത്തിൽ പുറംലോകവുമായി ബന്ധിപ്പിക്കുന്നു. മുമ്പ് വിദേശത്തേക്കൊരു കോൾ കിട്ടണമെങ്കിൽ നരകം കയറിയിറങ്ങണം. പെട്രോളിനും റൊട്ടിക്കും പഞ്ചസാരക്കും വേണ്ടിയുള്ള 'ക്യൂ' അപ്രത്യക്ഷമായിരിക്കുന്നു. ഗണ്യമായ പുരോഗതി തന്നെ. പക്ഷേ ജനജീവിതം ഇപ്പോഴും ദുരിതത്തിലും കഷ്ടപ്പാടിലുമാണ്. ചുങ്കങ്ങളും നികുതികളും അവരുടെ നടുവൊടിക്കുന്നു. എങ്ങനെയെങ്കിലും ജീവിച്ചുപോവാൻ തൊഴിലാളികൾക്ക് വെറും നിലത്ത് ചായ തിളപ്പിച്ചുകൊടുക്കുന്ന ദരിദ്ര സ്ത്രീ വരെ കൊടുക്കണം നികുതി.

ഇവിടെയാണ് വൈരുധ്യം. എല്ലാതരം വിഭവങ്ങളാലും നിറഞ്ഞു കവിയുന്ന ഒരുനാട്. പക്ഷേ, ഇപ്പോഴും ദാരിദ്ര്യവും പട്ടിണിയും തന്നെ. പഴയ കൊളോണിയൽ ശക്തികൾ ഈ നാടിനെ ഇങ്ങനെത്തന്നെ നിലനിർത്താനാണ് ശ്രമിച്ചത്. ഭീഷണിപ്പെടുത്തിയും സമ്മർദം ചെലുത്തിയും ഉപരോധം ഏർപ്പെടുത്തിയും പുതിയ കൊളോണിയൽ ശക്തികൾ അതേവഴി പിന്തുടരുന്നു. സുഡാനിലെ സമ്പത്ത് അന്നാട്ടിലെ പട്ടിണിപ്പാവങ്ങൾക്ക് കിട്ടിപ്പോകരുത്. തങ്ങൾ ഒരുക്കിയ കെണികളിൽനിന്ന് സുഡാനെ രക്ഷപ്പെടുത്താൻ അറബ്-മുസ്‌ലിംലോകത്തുനിന്ന് ഒരാളും വന്നുപോവുകയുമരുത്. വന്നാൽ.. ഇതാണ് സാമ്രാജ്യത്വശക്തികളുടെ ഭീഷണി.

ചില സീസണുകളിൽ ഈ രാഷ്ട്രത്തിനു മേൽ ആകാശത്തുനിന്ന് അനുഗ്രഹങ്ങൾ ചൊരിയപ്പെടുകയാണ്. ഈ സീസണിൽ സുഡാനിൽ നല്ല മഴ ലഭിച്ചു. ജലസമ്പത്ത് ഗണ്യമായി വർധിപ്പിക്കാനുള്ള ഒരവസരം. പക്ഷേ ജനങ്ങൾക്കത് ശാപമായാണ് അനുഭവപ്പെട്ടത്. പലയിടത്തും വിനാശകരമായ വെള്ളപ്പൊക്കം. സുഡാനെ വരിഞ്ഞുമുറുക്കിയ ഉപരോധം ഇല്ലായിരുന്നെങ്കിൽ പ്രളയജലം അണകെട്ടി പ്രത്യേക സ്ഥലത്തേക്ക് തിരിച്ചുവിടാനുള്ള ആധുനിക സജ്ജീകരണങ്ങൾ വിദേശരാഷ്ട്രങ്ങളുടെ സഹായത്തോടെ ഭരണകൂടത്തിന് ഏർപ്പെടുത്താമായിരുന്നു.

സുഡാനിലാണ് നീല നൈലും വെള്ള നൈലും. ഇവ ചേർന്നാണ് നൈൽ നദി ഉണ്ടാവുന്നത്. വേറെയും ധാരാളം നദികളുണ്ട്. സുഡാന്റെ സർവ ദിക്കുകളിലേക്കും വെള്ളമെത്തിക്കാൻ ഈ നദികൾ മതി. ഇപ്പോൾ മറ്റൊരു അനുഗ്രഹവും കൂടി. ഈജിപ്ഷ്യൻ ശാസ്ത്രജ്ഞനായ ഫാറൂഖുൽ ബാസ് പ്രസിദ്ധീകരിച്ച പുതിയൊരു പഠനത്തിൽ, ഭൂഗർഭജലത്തിന്റെ വലിയൊരു തടാകം തന്നെ സുഡാനിലുണ്ടെന്ന് വെളിപ്പെടുത്തുന്നു. കൃഷിയോഗ്യമായ ഭൂമി മില്യൻ കണക്കിന് ഏക്കറുകളിൽ പരന്നുകിടക്കുന്നു. ബ്രിട്ടീഷുകാർ അവരുടെ തുണിമില്ലുകളിലേക്ക് ആവശ്യമായ പരുത്തി കൃഷിചെയ്തിരുന്നത് ഇവിടെയായിരുന്നു. ഏറ്റവും വലിയ ഈ അറബ് രാഷ്ട്രം മറ്റേത് കൃഷിക്കും ഫലഭൂയിഷ്ടമായ മണ്ണൊരുക്കുന്നു. രണ്ടര മില്യൻ കിലോമീറ്ററാണ് സുഡാന്റെ വിസ്തീർണം. ഈജിപ്തിന്റെ രണ്ടര ഇരട്ടി. ജർമനിയുടെ എട്ടിരട്ടി.

നൂറ്റിയമ്പത് മില്യൻ കന്നുകാലികൾ. ലോകത്തെ ഏറ്റവും മികച്ച മരത്തടികളുടെ വൻശേഖരം. ചെമ്പ് കുഴിച്ചെടുക്കുന്ന ഏറ്റവും വലിയ ഖനി ദാർഫൂറിലാണ്. വൻ യുറേനിയം നിക്ഷേപം, സ്വർണ ഖനികൾ. സുഡാന്റെ തലങ്ങും വിലങ്ങും എണ്ണനിക്ഷേപമുണ്ടെന്നാണ് പുതിയ പര്യവേക്ഷണങ്ങൾ കണ്ടെത്തിയിരിക്കുന്നത്. ചൈനക്കാരുടെ പൂർണ നിയന്ത്രണത്തിലാണ് എണ്ണഖനനം. അത വർ ഭംഗിയായി നിർവഹിക്കുന്നുമുണ്ട്.

മറുവശത്തുള്ളത് സമ്മർദങ്ങൾ, ഉപരോധം, യുദ്ധഭീഷണി. ഈ നാടിനെ അനങ്ങാൻ സമ്മതിക്കില്ലെന്ന വാശിയിലാണ് ചിലർ.

സുഡാൻ പ്രസിഡന്റ് ഉമറുൽ ബശീറിന്റെ ഉപദേഷ്ടാക്കളിൽ ഒരാളായ പ്രഫ. അഹ്മദ് അലി ഇമാം എന്നോട് പറഞ്ഞു: ഇപ്പോൾ അമേരിക്കയിൽനിന്ന് ഒരു പുതിയ പഠനം പുറത്തുവന്നിരിക്കുന്നു. ഭൂമിയിൽ ഏറ്റവും സമ്പുഷ്ടവും പ്രാധാന്യവുമുള്ള നാടായിത്തീരാൻ സുഡാന് യോഗ്യതയുണ്ട് എന്നാണ് അതിൽ പറയുന്നത്. ഈ നാട് കൈയേറാനുള്ള പടപ്പുറപ്പാടിന് വേറെ കാരണ

ങ്ങൾ ചികയേണ്ടതില്ല. നാട് സമ്പന്നമാണെങ്കിലും അത് പ്രയോജനപ്പെടുത്താൻ പുതിയ ടെക്നോളജി വേണം. ബജറ്റിൽ വലിയ തുക വകയിരുത്തണം. വികസനത്തിന് പല വഴികൾ തുറന്നുകിട്ടണം. അസംസ്കൃത വിഭവങ്ങൾ ഉൽപന്നങ്ങളാക്കി മാറ്റാനുള്ള ഫാക്ടറികൾ വേണം. എണ്ണയുടെയും മറ്റു ഖനിജങ്ങളുടെയും വലിയ നിക്ഷേപമുണ്ട്. ലോകത്തെ വൻ കമ്പനികളുടെ കൈവശമുള്ള യന്ത്രങ്ങളും ഉപകരണങ്ങളും ഉണ്ടെങ്കിലേ അവ കണ്ടെത്തി കുഴിച്ചെടുക്കാനാവൂ.

പുഴകൾ വീതികൂട്ടുക, അണക്കെട്ട് പണിയുക, വിപുലമായ ജലസേചന പദ്ധതികൾ ആവിഷ്കരിക്കുക- ഇതിനും വേണം പുതിയ ടെക്നോളജിയും യന്ത്രസാമഗ്രികളും. സുഡാനെതിരെ ഉപരോധമേർപ്പെടുത്തിയ പാശ്ചാത്യ രാഷ്ട്രങ്ങളുടെ കൈവശമാണ് ഇതെല്ലാം. ഈ വിഭവങ്ങളിൽ ഇന്നാട്ടുകാർ കൈവെച്ചു പോകരുതെന്നാണ് അവരുടെ തിട്ടൂരം. അവ അസംസ്കൃത വസ്തുക്കളായി തന്നെ പാശ്ചാത്യർക്ക് അവരുടെ നാട്ടിലേക്ക് കടത്തിക്കൊണ്ടുപോകാനുള്ളതാണ്! ഇതാണ് കൊളോണിയൽ ശക്തികൾ ആഫ്രിക്കയോട്, പ്രത്യേകിച്ച് സുഡാനോട് സ്വീകരിച്ചുവരുന്ന നിലപാട്. അസംസ്കൃത വസ്തുക്കളും മനുഷ്യവിഭവവും അടിച്ചുമാറ്റി കൊണ്ടുപോകാനുള്ള ഒരു ഭൂഖണ്ഡം മാത്രമായിരുന്നു എന്നും അവർക്ക് ആഫ്രിക്ക.

സുഡാനിലെ ഒട്ടേറെ മുതിർന്ന നേതാക്കളുമായി സംസാരിക്കാൻ എനിക്ക് അവസരമുണ്ടായി. സുഡാൻ പ്രസിഡന്റ് ഉമറുൽ ബശീർ, പ്രഫ. അഹ്മദ് അലി ഇമാം, വിദേശകാര്യ ഉപദേഷ്ടാവ് ഡോ. മുസ്ത്വഫാ ഉസ്മാൻ ഇസ്മാഈൽ, രാഷ്ട്രീയകാര്യ ഉപദേശകൻ ഹിജാസി സ്വലാഹ്... നിരവധി പത്രപ്രവർത്തകരുമായി അഭിമുഖങ്ങൾ നടത്തി. ഇഖ്വാനുൽ മുസ്‌ലിമൂന്റെ സുഡാനിലെ കാര്യദർശി സ്വാദിഖ് അബ്ദുല്ലാ അബ്ദുൽ മാജിദുമായി പ്രത്യേക അഭിമുഖം. വയസ്സ് എൺപത് കഴിഞ്ഞെങ്കിലും എല്ലായിടത്തും അദ്ദേഹത്തിന്റെ സജീവ സാന്നിധ്യമുണ്ട്. സ്വതന്ത്രമായി ചിന്തിക്കുന്ന മറ്റു പലരെയും കണ്ടു. തെരുവിലെ സാധാരണക്കാരോട് വരെ കാര്യങ്ങൾ ആരാഞ്ഞു. ഈ കൂടിക്കാഴ്ചകളിൽനിന്ന് എനിക്ക് ലഭിച്ച വിവരങ്ങൾ, നിലപാടുകൾ, അഭിപ്രായങ്ങൾ വായനക്കാരുമായി പങ്കുവെക്കുകയാണ്. പ്രത്യേകിച്ച് ദാർഫൂർ, തെക്കൻ സുഡാൻ പ്രശ്നങ്ങളെക്കുറച്ച്. നിലവിലെ സമാധാനക്കരാർ പ്രകാരം, ഒന്നര വർഷം കഴിഞ്ഞാൽ തെക്കൻ സുഡാനിൽ ഒരു ജനഹിത പരിശോധന നടക്കും. സുഡാൻ ഒരു രാജ്യമായി നിലനിൽക്കണമോ, വിഭജിക്കപ്പെടണമോ എന്ന് തീരുമാനിക്കുന്ന പ്രക്രിയ.

പ്രസിഡന്റിനെ ചെന്നു കണ്ടപ്പോൾ ദാർഫൂർ പ്രശ്നം അതിന്റെ തുടക്കം മുതൽ ഇന്നുവരെ വളരെ കൃത്യമായും വസ്തുനിഷ്ഠമായും അദ്ദേഹം വിവരിച്ചു.

### പ്രസിഡന്റിനോടൊപ്പം

ദാർഫൂറിൽ ഐക്യരാഷ്ട്രസഭയുടെ കൊടിക്ക് കീഴെ വിദേശസൈനികരെ നിർത്തുന്നതിന് സുഡാൻ ഭരണകൂടത്തിനു മേൽ മുറുകുന്ന സമ്മർദങ്ങളെക്കുറിച്ച് പറഞ്ഞുകൊണ്ടായിരുന്നു പ്രസിഡന്റ് ഉമറുൽ ബശീർ തുടങ്ങിയത്. സുഡാനെ സമ്മർദത്തിലാക്കുന്നതിൽ വാർത്താമാധ്യമങ്ങൾ വഹിക്കുന്ന പങ്ക് അപാരമാണ്. ഏതു വിഷയത്തിലും ഒരു പൊതു അഭിപ്രായം രൂപപ്പെടുത്തിയെടുക്കുന്നതിൽ അവക്ക് ഒരുതരം മാന്ത്രിക ശക്തി തന്നെയുണ്ട്. തങ്ങൾ ഉദ്ദേശിക്കുന്നതെന്തോ അത് പൊതുജനാഭിപ്രായമായി വളർത്തിക്കൊണ്ടുവരാൻ മാധ്യമങ്ങൾക്ക് കഴിയുന്നു. ജനം അവരുടെ രാജാവിന്റെ മതത്തിലായിരിക്കും എന്നൊരു പഴഞ്ചൊല്ലുണ്ട്. ഇന്നത് നമുക്ക് ഇങ്ങനെ തിരുത്താം: ജനം അവരുടെ വാർത്താമാധ്യമങ്ങളുടെ മതത്തിലാണ്. തങ്ങൾ ഉദ്ദേശിക്കുന്നപോലെ അവ ജനങ്ങളെ വളച്ചെടുക്കുന്നു. ഇറാഖ് അധിനിവേശത്തിനു മുമ്പ് ബുഷിനു വേണ്ടി അരങ്ങേറിയ മാധ്യമയുദ്ധങ്ങൾ ഓർമിക്കുക. അക്കാലത്ത് ബുഷിന്റെ ജനസമ്മിതി അമേരിക്കയിൽ 70 ശതമാനം വരെ ഉയർന്നു. ബുഷ് ദേശസുരക്ഷക്കു വേണ്ടി ഒരു മഹത്കൃത്യം ചെയ്യാൻ പോകുന്നു എന്നായിരുന്നു മാധ്യമ പ്രചാരണം.

സുഡാന്റെ മുഖം വികൃതമാക്കുന്ന ഒരു മാധ്യമയുദ്ധമാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. കഥയറിയാതെ ഇവർ പടച്ചുവിടുന്ന കള്ളക്കഥകൾ അതേപടി ഏറ്റുപാടുന്ന അറബ്മാധ്യമങ്ങളും ഉണ്ട് എന്നത് ദുഃഖകരമാണ്. ദാർഫൂറിൽ രണ്ടു ലക്ഷം പേർ കൊല്ലപ്പെട്ടു എന്നൊരു കള്ളവാർത്ത അമേരിക്കൻ മീഡിയ പ്രചരിപ്പിക്കുന്നുണ്ട്. ചില അറബ് ചാനലുകളും അതുതന്നെ ഏറ്റുപാടുന്നു. ഏതു കണക്കു വെച്ച് നോക്കിയാലും ദാർഫൂർ സംഘർഷത്തിൽ ഇതുവരെയായി കൊല്ലപ്പെട്ടവർ ഏതാനും പതിനായിരങ്ങളേ വരൂ. കലാപം ഉണ്ടായിട്ടില്ലെന്നോ ആളുകൾ കൊല്ലപ്പെടുന്നില്ല എന്നോ ഞങ്ങൾ പറയുന്നില്ല. അമേരിക്കൻ മീഡിയ സംഭവങ്ങളെ പർവതീകരിച്ച് ഭീതി ജനിപ്പിക്കും വിധം കാണിക്കുന്നു എന്നാണ് ഞങ്ങളുടെ പരാതി.

ദാർഫൂർ പ്രശ്നത്തിന്റെ കാരണങ്ങൾ വിവരിച്ചുകൊണ്ട് പ്രസിഡന്റ് പറഞ്ഞു: അവിടെ ദേശവിരുദ്ധമായ കലാപം പൊട്ടിപ്പുറപ്പെട്ടു. പ്രശ്നപരിഹാരത്തിന് രാഷ്ട്രീയ ചർച്ചയാവാം എന്ന തുറന്ന മനസ്സായിരുന്നു ഭരണകൂടത്തിന്. പക്ഷേ സുഡാനിയൻ പൗരന്മാർക്കും ഗവൺമെന്റ് സ്ഥാപനങ്ങൾക്കുമെതിരെയുള്ള അതിക്രമങ്ങൾ തുടർന്നുകൊണ്ടിരുന്നു. സന്ധിസംഭാഷണങ്ങൾക്കായി ദാർഫൂറിലുള്ള നേതാക്കളെ തന്നെ ഞങ്ങൾ നിയോഗിച്ചു. എങ്ങനെയും സൈനികനടപടി ഒഴിവാക്കുകയായിരുന്നു ലക്ഷ്യം. അപ്പോഴാണ് പ്രവിശ്യാ ആസ്ഥാനത്ത് കനത്ത ആക്രമണമുണ്ടാകുന്നത്. സൈന്യത്തെ പറഞ്ഞയക്കുകയല്ലാതെ ഗവൺമെന്റിന് മറ്റു മാർഗങ്ങളില്ലായിരുന്നു. ജനങ്ങളുടെ മേൽ അടിച്ചേൽപിച്ച യുദ്ധമാണിത്. തീർച്ചയായും ഒരുപാട് ആളുകൾ മരിച്ചിട്ടുണ്ട്. പക്ഷേ, പാശ്ചാത്യ മീഡിയ സംഭവങ്ങൾ പർവതീകരിച്ച് ഭീതി സൃഷ്ടിക്കുകയാണ്.

ഇസ്‌ലാമികലോകം പാശ്ചാത്യരുടെ സൈനികവും സാമ്പത്തികവുമായ അധിനിവേശത്തെ മുഖാമുഖം കാണുകയാണ്. അതിന്റെ പ്രകടമായ തെളിവാണ് ദാർഫൂറിൽ കാണുന്നതെന്ന് പ്രസിഡന്റ് പറഞ്ഞു. ഇസ്‌ലാമിക ലോകത്തെ ശിഥിലമാക്കുകയാണ് ലക്ഷ്യം. പല പല ന്യായങ്ങൾ അതിനു വേണ്ടി ഉന്നയിക്കപ്പെടും. ഭരണാധികാരികളെന്ന നിലക്ക് ഞങ്ങളെടുത്ത എല്ലാ നിലപാടുകളും ശരിയായിരുന്നു എന്ന അഭിപ്രായമില്ല. പക്ഷേ മറുഭാഗത്തെ നീക്കങ്ങൾ സുഡാന്റെ അഖണ്ഡതക്കും സുരക്ഷക്കും ഭീഷണിയാണെന്ന് ഉറപ്പിച്ചുപറയാൻ കഴിയും. ഇസ്‌ലാമിക രാജ്യങ്ങളെ ദുർബലപ്പെടുത്താനുള്ള പദ്ധതികളാണ് ആവിഷ്കരിക്കപ്പെടുന്നത്. ഇസ്രയേലിന്റെ 'സുരക്ഷ'യാണല്ലോ അവർക്ക് പ്രധാനം. മുസ്‌ലിം നാടുകളിൽ ആഭ്യന്തര പ്രശ്നങ്ങൾ കുത്തിപ്പൊക്കുന്നതും മുസ്‌ലിം നാടുകളെ തമ്മിലടിപ്പിക്കുന്നതും അതിന്റെ ഭാഗമാണ്.

വേണ്ടത്ര സാക്ഷ്യങ്ങൾ ഇറാഖിൽതന്നെയുണ്ടല്ലോ. വിഭാഗീയ സംഘട്ടനങ്ങളുണ്ടാക്കുകയാണ് അധിനിവേശകരുടെ രഹസ്യപ്പോലീസിന് അവിടെ പണി. ഞങ്ങളിവിടെ സുഡാനിൽ സമാധാനത്തിന്റെ വക്താക്കളാണ്. നിരവധി സമാധാനക്കരാറുകൾ ഇതിനകം ഞങ്ങൾ ഒപ്പുവെച്ചു. പക്ഷേ ഞങ്ങൾ ജനങ്ങളെ ആയുധമെടുക്കാൻ പ്രേരിപ്പിക്കുന്നു എന്നാണ് പ്രചരിപ്പിക്കപ്പെടുന്നത്. പ്രശ്നം എത്ര ചെറുതാവട്ടെ, വലുതാവട്ടെ സമാധാന ചർച്ചയിലൂടെ ഉരുത്തിരിയുന്ന പരിഹാരമാണ് സൈനിക പരിഹാരത്തേക്കാൾ കൂടുതൽ സുരക്ഷിതം, പൂർണം.

തെക്കൻ സുഡാനിൽ രക്തപങ്കില

മായ 23 വർഷത്തെ സംഘട്ടനങ്ങൾക്കു ശേഷം ഞങ്ങൾ സമാധാനക്കരാറിൽ ഒപ്പുവെച്ചു. ദാർഫൂറിൽ ഞങ്ങൾ 'അബൂജാ' സമാധാനക്കരാറിൽ ഒപ്പിട്ടു. സുഡാൻ ഗവൺമെന്റ് സമാധാനത്തിനു വേണ്ടി ഒന്നും ചെയ്തില്ല എന്ന് ഞങ്ങളെ പഴിക്കുന്നവരെല്ലാം ഈ കരാറിലൊപ്പിടാൻ ഞങ്ങളുമായി ഒത്ത് പ്രവർത്തിച്ചിട്ടുണ്ട്. കരാർ ഒപ്പിടുന്ന ദിവസം അവർ പ്രഖ്യാപിച്ചു: കരാറിൽ ഒപ്പിടാത്തവരെല്ലാം ശിക്ഷിക്കപ്പെടും. സംഭവിച്ചതോ? കരാറിൽ ഒപ്പിട്ട സുഡാൻ ശിക്ഷിക്കപ്പെടുന്നു. ഒപ്പിടാൻ വിസമ്മതിച്ചവർക്ക് പലതരം സഹായങ്ങൾ വന്നുകൊണ്ടിരിക്കുന്നു. നിങ്ങൾ നോക്കൂ. അബൂജാ കരാർ ഒപ്പിടുന്നതിനായി ഇവിടെയെത്തിയ യൂറോപ്യൻ-അമേരിക്കൻ പ്രതിനിധി സംഘത്തിന്റെ തലവനായ അമേരിക്കൻ അസി. വിദേശകാര്യ സെക്രട്ടറിയെ വരെ തൽസ്ഥാനത്തുനിന്ന് നീക്കുകയുണ്ടായി. കാരണം ഒരു സമാധാനക്കരാർ ഉണ്ടാക്കി ഒപ്പിടുക എന്നതായിരുന്നില്ല അമേരിക്കയുടെ താൽപര്യം. ഏതു പ്രശ്നവും നീറിപ്പിടിച്ച് കത്തിപ്പടരണം, അതിന്റെ സകല ഉത്തരവാദിത്വവും സുഡാൻ ഗവൺമെന്റിന്റെ തലയിൽ കെട്ടിവെക്കണം- ഇതായിരുന്നു അമേരിക്കക്ക് വേണ്ടിയിരുന്നത്.

### യു.എൻ സൈന്യം

വിദേശ സൈനികരെ ദാർഫൂറിൽ വിന്യസിക്കാൻ സമ്മർദം ശക്തിപ്പെടുകയാണല്ലോ എന്ന് ചോദിച്ചപ്പോൾ ഉമറുൽ ബശീർ പറഞ്ഞു: ഞങ്ങൾ ഒപ്പുവെച്ച സമാധാനക്കരാറിൽ വ്യക്തമായി പറയുന്നുണ്ട്, ദാർഫൂറിലെ സുരക്ഷാ സംവിധാനങ്ങളുടെ മേൽനോട്ടം ആഫ്രിക്കൻ യൂനിയന് ആയിരിക്കണമെന്ന്. പിന്നീടാണ് രക്ഷാസമിതി വളരെ അപകടകരമായ ഒരു പ്രമേയം (നമ്പർ 1706) പാസ്സാക്കുന്നത്. ആ പ്രമേയം ഞങ്ങൾ ശരിക്ക് പഠിച്ചു. യു.എന്നുമായും സെക്യൂരിറ്റി കൗൺസിലുമായും അന്താരാഷ്ട്ര സമൂഹവുമായും ഏറ്റുമുട്ടാനിറങ്ങുന്നതാണ് ഈ പ്രമേയം അംഗീകരിക്കുന്നതിനേക്കാൾ നല്ലതെന്ന് ഞങ്ങൾക്ക് ബോധ്യമായി. ദാർഫൂർ യു.എന്നിനെ ഏൽപിച്ചാലുള്ള കഥയെന്താവും എന്നറിയാമോ? അവിടേക്ക് വരുന്ന യു.എൻ സെക്രട്ടറിയുടെ പ്രതിനിധി ഇറാഖ് അധിനിവേശാനന്തരം അവിടെയെത്തിയ ബ്രിട്ടീഷ്-അമേരിക്കൻ പ്രതിനിധി ബ്രമറിന്റെ അതേ ഗുണവിശേഷങ്ങളുള്ള ഒരാളാണ്. അയാളായിരിക്കും ഫലത്തിൽ ദാർഫൂറിലെ യഥാർഥ ഭരണാധികാരി. സുരക്ഷാ ക്രമീകരണങ്ങൾ, നീതിന്യായം, പോലീസ്, സിവിലിയന്മാരുടെ സംരക്ഷണം, മനുഷ്യാവകാശങ്ങൾ, സുഡാൻ അതിർത്തികളുടെ സംരക്ഷണം ഇതൊക്കെ ആ യു.എൻ പ്രതിനിധിയുടെ അധികാരപരിധിയിലാവും. അതുകൊണ്ടാണ് ഈ യു.എൻ പ്രമേയത്തെ ഞങ്ങൾ തള്ളിക്കളഞ്ഞത്.

ഞങ്ങളെ കാണാൻ വന്ന അമേരിക്കൻ-യൂറോപ്യൻ പ്രതിനിധികളോട് ഞങ്ങൾ വളച്ചുകെട്ടില്ലാതെ പറഞ്ഞു: നിങ്ങളോട് യുദ്ധം ചെയ്യുന്നതായിരിക്കും ഞങ്ങൾക്ക് കൂടുതൽ നല്ലതും എളുപ്പവും. കാരണം രക്ഷാസമിതി പ്രമേയവുമായി നിങ്ങൾ കൊണ്ടുവന്നിരിക്കുന്നത് നഗ്നമായ അധിനിവേശപദ്ധതിയാണ്. ഞങ്ങളത് അംഗീകരിക്കില്ല. ഞങ്ങൾ ചെറുക്കാനാണ് തീരുമാനിച്ചിരിക്കുന്നത്. ചെറുത്തുനിൽപ് വിജയിച്ചേക്കാം, പരാജയപ്പെട്ടേക്കാം. ഒടുവിൽ ചുമതല നിറവേറ്റി എന്ന ചാരിതാർഥ്യമെങ്കിലും ഉണ്ടാവുമല്ലോ.... പാശ്ചാത്യർ ആ പ്ലാൻ ഉപേക്ഷിക്കുകയാണുണ്ടായത്, അൽഹംദു ലില്ലാഹ്. അതിനു ശേഷമാണ് യു.എൻ സെക്രട്ടറി ജനറൽ മൂന്ന് ഘട്ടങ്ങളുള്ള ഒരു പദ്ധതിയുമായി മുന്നോട്ടുവന്നത്.

### യു.എന്നുമായി പുതിയ കരാർ

ഞങ്ങൾ ഉന്നയിച്ച വിഷയങ്ങൾ പരിഗണിക്കാൻ യു.എന്നും ആഫ്രിക്കൻ യൂനിയനും തയാറായി. സുഊദി രാജാവിന്റെ സഹായത്തോടെ ഒരു ധാരണയിലെത്താനും ഞങ്ങൾക്ക് കഴിഞ്ഞു. ആ യോഗത്തിൽ യു.എൻ സെക്രട്ടറി ജനറലും ആഫ്രിക്കൻ യൂനിയൻ പ്രസിഡന്റും പങ്കെടുത്തിരുന്നു. ഞങ്ങൾ എതിർത്തിരുന്ന കരാർപത്രത്തിലെ വ്യവസ്ഥകൾ വെട്ടിക്കളയാൻ തീരുമാനമായി. ശേഷം യു.എന്നുമായും ആഫ്രിക്കൻ യൂനിയനുമായും ഒരു കരാറിലെത്തി. ഇതു പക്ഷേ വാഷിംഗ്ടണിലെ 'പ്രമേയ നിർമാതാക്കൾ'ക്ക് ചെകിടത്ത് അടികിട്ടിയ പോലെയായിരുന്നു. സുഡാനെതിരെ പുതിയ പ്രമേയം കൊണ്ടുവരാൻ ഈ കരാർ തടസ്സമാണെന്ന് അവർ തുറന്നടിച്ചു. കരാറിനെതിരെ അവർ രംഗത്തിറങ്ങിയിരിക്കുകയാണ്. സുഡാന്റെ അഖണ്ഡത സംരക്ഷിക്കുന്നതും വിദേശ ഇടപെടലിനെ നിരാകരിക്കുന്നതുമായ കരാറിലെ വ്യവസ്ഥകൾ മാറ്റിമറിക്കുമെന്ന ശാഠ്യത്തിലാണ് അമേരിക്കയും ബ്രിട്ടനും.

ദാർഫൂറിലെ ആഫ്രിക്കൻ സൈന്യത്തിന് വർഷംതോറും രണ്ട് ബില്യൻ ഡോളറാണ് ലഭിച്ചുകൊണ്ടിരിക്കുന്നത്. അതിന്റെ നാലിലൊന്ന് ദാർഫൂറിലെ വികസനപദ്ധതികൾക്കായി ലഭിച്ചിരുന്നെങ്കിൽ ഇന്നുള്ള പ്രശ്നം തന്നെ അവിടെ ഉണ്ടാവുമായിരുന്നില്ല. ദാർഫൂർ പ്രശ്നം വംശീയമല്ല എന്നും ഉമറുൽ ബശീർ പറഞ്ഞു. യു.എൻ സെക്രട്ടറി ജനറൽ ഒപ്പിട്ട ഏറ്റവും പുതിയ ഒരു യു.എൻ റിപ്പോർട്ടിൽ, വരൾച്ചയുമായും കൃഷിഭൂമി മരുഭൂമിയായിത്തീരുന്നതുമായും ബന്ധപ്പെട്ട പാരിസ്ഥിതിക ദുരന്തങ്ങളാണ് പ്രശ്നത്തിന്റെ അടിസ്ഥാന കാരണം എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ദാർഫൂറിലെ ചില മേഖലകളിൽ ജലസ്രോതസ്സുകളെ ചൊല്ലി ആട്ടിടയന്മാരും കൃഷിക്കാരും തമ്മിൽ തർക്കമുണ്ട്. ചിലേടത്ത് ആട്ടിടയന്മാർ തമ്മിൽ തന്നെയാണ് തർക്കം. ധാരാളം ഏറ്റുമുട്ടലുകൾ നടന്നിട്ടുണ്ട്. ദാർഫൂറിലത് രൂക്ഷമാണ്. സംഘട്ടനത്തിൽ ഇരുപക്ഷത്തുമുള്ളത് അറബിഗോത്രങ്ങൾ തന്നെയാണ്. തർക്കവിഷയമാവട്ടെ നേരത്തേ പറഞ്ഞപോലെ, ജലസ്രോതസ്സുകളും.

### തെക്കൻ സുഡാൻ

തെക്കൻ സുഡാൻ പ്രശ്നത്തെക്കുറിച്ച് എന്നോട് സംസാരിച്ചത് മുസ്ത്വഫാ ഉസ്മാൻ ഇസ്മാഈൽ, ഡോ. ഗാസി സ്വലാഹുദ്ദീൻ എന്നിവരാണ്. ഒപ്പം തെക്കൻ സുഡാനുമായി ബന്ധപ്പെട്ട വകുപ്പ് കൈകാര്യം ചെയ്യുന്ന അലിതമീം എന്ന മന്ത്രിയുമുണ്ടായിരുന്നു. ഇദ്ദേഹം ക്രിസ്ത്യാനിയായിരുന്നു. പിന്നീട് ഇസ്ലാം സ്വീകരിച്ചതാണ്.ഈ വിഷയം സംസാരിച്ച മറ്റൊരാൾ തെക്കൻ സുഡാനിൽ ഇസ്ലാമികപ്രബോധന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന കമാൽ ഇമാം. ഇവരെല്ലാം ചൂണ്ടിക്കാട്ടിയ ഒരു സത്യമുണ്ട്: സുഡാനിൽ സാമ്രാജ്യത്വശക്തികൾ ഉന്നംവെക്കുന്നത് അതിന്റെ ഇസ്ലാമിക സ്വത്വത്തെയും അറബിസ്വരൂപത്തെയുമാണ്. ഇസ്ലാമികത ഇല്ലാത്ത, അറബിഭാഷയോ സംസ്കാരമോ ഇല്ലാത്ത ഒരു അഖണ്ഡ ആഫ്രിക്കൻ-സുഡാൻ ആണ് അവർ ലക്ഷ്യമിടുന്നത്. തെക്കൻ സുഡാനിലെ കലാപകാരികളുടെ നേതാവ് ഗാരങ്ങ് തന്റെ സംഘടനക്ക് കൊടുത്ത പേര് ശ്രദ്ധിച്ചില്ലേ? 'സുഡാൻ വിമോചനത്തിനുള്ള ജനകീയ മുന്നേറ്റം'. അതായത് സുഡാനെ അറബികളിൽനിന്നും ഇസ്ലാമിൽനിന്നും മോചിപ്പിക്കുക. 2005-ൽ സമാധാനക്കരാർ ഒപ്പുവെച്ച് രണ്ടു മാസം കഴിഞ്ഞ് ഗാരങ്ങ് ബ്രൂക്സലിൽ വെച്ച് പറഞ്ഞു: "സുഡാനിലെ ഇപ്പോഴുള്ള ഭരണകൂടവും മുൻ ഭരണകൂടങ്ങളും ഈ നാടിനെക്കുറിച്ച് വികലമായ ചിത്രമാണ് നൽകുന്നത്. അവരുടെ അറബ്-ഇസ്ലാമിക ഐഡിയോളജികളാണ് അതിന് കാരണം". സുഡാനിലെ ഭരണക്രമം മാറ്റാൻ താൻ തെക്കൻ സുഡാനിലെ കലാപകാരികൾക്ക് സഹായം നൽകും എന്ന് അമേരിക്കയുടെ വിദേശകാര്യ സെക്രട്ടറി.

ഇപ്പോൾ അന്താരാഷ്ട്ര തലത്തിൽ നടക്കുന്ന എല്ലാ നീക്കങ്ങളും തെക്കൻ സുഡാനെ സുഡാനിൽനിന്ന് വേർപ്പെടുത്താനുള്ളതാണ്. അമേരിക്കക്കും സയണി

സ്റ്റുകൾക്കും ആധിപത്യമുള്ള ഒരു കോളനിയായി അതിനെ മാറ്റാനാണ് പരിപാടി. നൈൽ നദീജലത്തിന്റെ നിയന്ത്രണം ഇതോടെ അവരുടെ കൈയിലാവും. തെക്കൻ സുഡാനിൽ ഇസ്‌ലാമിന്റെ പ്രചാരം തടയാനും വടക്കൻ സുഡാനിൽ കുഴപ്പങ്ങൾ കുത്തിപ്പൊക്കാനും ഇതവർക്ക് അവസരം നൽകും.

ഈ ചോരയൊലിച്ചുകൊണ്ടിരിക്കുന്ന ഭാഗം അങ്ങ് മുറിച്ചുമാറ്റുക, എന്നാലെങ്കിലും സുഡാനിൽ സ്വസ്ഥതയുണ്ടാവുമല്ലോ എന്ന് ചിന്തിക്കുന്ന നേർബുദ്ധികളുണ്ട്. എന്നാൽ വിഭജനം നടന്നാൽ മുറിവ് കൂടുകയേയുള്ളൂ. അന്തുലുസിലും സൻജിബാറിലുമുണ്ടായ ദുരന്തത്തേക്കാൾ ഒട്ടും മോശമായിരിക്കില്ല അത്. സുഡാനെ വീണ്ടും ശിഥിലമാക്കാനുള്ള കുതന്ത്രങ്ങൾ സാമ്രാജ്യത്വശക്തികൾ പൂർവോപരി ശക്തിയോടെ തുടരുകയും ചെയ്യും.

സുഡാൻ സംബന്ധമായ വേറെയും ഫയലുകൾ തുറക്കാനുണ്ട്. അത് മറ്റൊരവസരത്തിലാവട്ടെ. ■

(കുവൈത്തിൽനിന്നിറങ്ങുന്ന
*അൽമുജ്തമഅ്* വാരികയുടെ
എഡിറ്ററാണ് ലേഖകൻ)